ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 23.08.2025**

## പ്രധാനവാർത്തകൾ

1. രാജ്യത്തെ ജനങ്ങളുടെ കഴിവ് പ്രയോജനപ്പെടുത്തി ഇന്ത്യ, ബഹിരാകാശരംഗത്ത് ശ്രദ്ധേയമായ മുന്നേറ്റം നടത്തുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
2. ഈസ് ഓഫ് ഡൂയിംഗ് ബിസിനസിൽ കേരളം രാജ്യത്ത് മുൻപന്തിയിലാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
3. കുട്ടനാട്ടിൽ മത്സ്യകൃഷി വികസനം ലക്ഷ്യമിട്ട് പുതിയ പദ്ധതി നടപ്പിലാക്കനൊരുങ്ങി കേന്ദ്ര സർക്കാർ.
4. മലപ്പുറം, പാലക്കാട് ജില്ലകളെ ബന്ധിപ്പിക്കുന്ന നിലമ്പൂർ മെമു ഇന്ന് സർവീസ് ആരംഭിക്കും. കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ ആദ്യയാത്ര ഫ്ലാഗ് ഓഫ് ചെയ്യും.
5. സംസ്ഥാനത്ത് ഒരാൾക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ജാഗ്രത ശക്തമാക്കി ആരോഗ്യ വകുപ്പ്.
6. 134-ാമത് ഡ്യൂറണ്ട് കപ്പ് ഫുട്ബോൾ ടൂർണമെന്റ് ഫൈനലിൽ ഡയമണ്ട് ഹാർബർ എഫ്.സി - നോർത്ത് ഈസ്റ്റ് യുണൈറ്റഡുമായി ഏറ്റുമുട്ടുന്നു.

***********************************

RNU TVPM

## പ്രധാനമന്ത്രി - ബഹിരാകാശ ദിനം

രാജ്യത്തെ ജനങ്ങളുടെ കഴിവ് പ്രയോജനപ്പെടുത്തി ഇന്ത്യ, ബഹിരാകാശരംഗത്ത് ശ്രദ്ധേയമായ മുന്നേറ്റം നടത്തുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ദേശീയ ബഹിരാകാശ ദിനത്തോട് അനുബന്ധിച്ച് ISRO സംഘടിപ്പിച്ച പരിപാടിയിൽ വീഡിയോ സന്ദേശം നല്കുകയായിരുന്നു പ്രധാനമന്ത്രി. ബഹിരാകാശ മേഖലയിൽ പരിഷ്കരണങ്ങൾ യുവാക്കളെയും സ്വകാര്യ മേഖലയെയും സ്റ്റാർട്ടപ്പുകളെയും പുതിയ മേഖലകൾ പര്യവേക്ഷണം ചെയ്യാൻ പ്രോത്സാഹിപ്പിച്ചതായി പ്രധാനമന്ത്രി പറഞ്ഞു.

***

## മുഖ്യമന്ത്രി ലോജിസ്റ്റിക്സ് പാർക്ക് (ഇൻട്രോ)

ഈസ് ഓഫ് ഡൂയിംഗ് ബിസിനസിൽ കേരളം രാജ്യത്ത് മുൻപന്തിയിലാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. വ്യവസായ സൗഹൃദ സംസ്ഥാനമെന്നതിലുപരി നിക്ഷേപ സൗഹൃദസംസ്ഥാനമെന്ന നിലയിലും കേരളം വളരുകയാണെന്ന് അദ്ദേഹം പറഞ്ഞു. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന്റെ ഭാഗമായി കളമശ്ശേരിയിൽ ആരംഭിക്കുന്ന അദാനി ലോജിസ്റ്റിക്സ് പാർക്കിന്റെ നിർമ്മാണോദ്ഘാടനം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. കേരളത്തിന്റെ സമഗ്ര വികസനത്തിന് ശക്തമായ അടിസ്ഥാനമൊരുക്കുന്നതിനുള്ള ചുവടുവെയ്പാണ് ലോജിസ്റ്റിക് പാർക്ക് പദ്ധതിയെന്ന് ശ്രീ പിണറായി വിജയൻ വ്യക്തമാക്കി.

(ഹോൾഡ്)

വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടാം ഘട്ട നിർമാണം ഉടൻ ആരംഭിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

***

## ജോർജ്ജ് കുര്യൻ - കുട്ടനാട്

കുട്ടനാട്ടിൽ മത്സ്യകൃഷി വികസനം ലക്ഷ്യമിട്ട് പൈലറ്റ് പ്രൊജക്റ്റ് നടപ്പാക്കുമെന്ന് കേന്ദ്രസർക്കാർ. മത്സ്യകർഷകരുടെ ഉപജീവനം മെച്ചപ്പെടുത്താൻ സഹായകരമാകുന്ന രീതിയിൽ കുട്ടനാട് മേഖലക്ക് അനുയോജ്യമായ വിവിധ മത്സ്യകൃഷിരീതികൾ പദ്ധതിയുടെ ഭാഗമായി വികസിപ്പിക്കും. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യന്റെ അധ്യക്ഷതയിൽ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ

KNU IVPM

സ്ഥാപനത്തിൽ ചേർന്ന യോഗത്തിലാണ് തീരുമാനം. ആധുനികവും പരമ്പരാഗതവുമായ മത്സ്യകൃഷി രീതികൾ നടപ്പിലാക്കി കർഷകർക്കിടയിൽ പ്രചരിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് കേന്ദ്രസഹമന്ത്രി പറഞ്ഞു.

****************************************

## മെമു സർവീസ്

മലപ്പുറം, പാലക്കാട് ജില്ലകളിലെ യാത്രക്കാർക്ക് ആശ്വാസമായി നിലമ്പൂർ മെമു ഇന്ന് സർവീസ് ആരംഭിക്കും. നിലമ്പൂരിലേക്കുള്ള ട്രെയിനിന്റെ ആദ്യ യാത്ര ഇന്ന് രാത്രി ഷൊർണ്ണൂരിൽ കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഫ്ലാഗ് ഓഫ് ചെയ്യും. ഇന്ന് രാത്രി 8.40 ന് റായിൽവെ സ്റ്റേഷനിലെ ഒന്നാമത്തെ പ്ലാറ്റ് ഫോമിൽ നിന്നാണ് മെമു യാത്ര ആരംഭിക്കുക. നാളെ മുതൽ എറണാകുളത്ത് നിന്ന് 5.40 ന് പുറപ്പെടുന്ന ട്രെയിൻ 8.30 ഓടെ ഷൊർണ്ണൂരിൽ എത്തും. ഇവിടെ നിന്നും 8.35 ന് യാത്ര തിരിക്കുന്ന മെമു 10.05 ന് നിലമ്പൂരിൽ എത്തും. പിറ്റേന്ന് പുലർച്ചെ 3.40 ന് നിലമ്പൂരിൽ നിന്ന് മടങ്ങുന്ന ട്രെയിൻ 4.55 നാണ് ഷൊർണ്ണൂരിൽ എത്തുക.

PNUTVPM

****************************************

## ഏവിയേഷൻ സമ്മിറ്റ്

പ്രഥമ കേരള ഏവിയേഷൻ സമ്മിറ്റ് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കൊച്ചിയിൽ ഉദ്ഘാടനം ചെയ്യു. ഫിക്കിയും കൊച്ചി വിമാനത്താവളവും സംയുക്തമായാണ് സമ്മേളനം സംഘടിപ്പിക്കുന്നത്. അതിവേഗം വളരുന്ന വ്യോമയാന മേഖലയിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുക, നവീകരണം പരിപോഷിപ്പിക്കുക തുടങ്ങിയവയാണ് പരിപാടിയുടെ ലക്ഷ്യം. രണ്ടു ദിവസത്തെ ഉച്ചകോടിയിൽ അൻപതിലേറെ വിദഗ്ധർ പങ്കെടുക്കും.

****************************************

## വൈദ്യുതി സുരക്ഷ- മന്ത്രി കെ കൃഷ്ണൻകുട്ടി

വൈദ്യുതി സുരക്ഷയേപ്പറ്റി കാര്യമായ അവബോധം സമൂഹത്തിൽ, പ്രത്യേകിച്ച് സ്കൂളുകളിൽ ഉണ്ടാകേണ്ടത് അത്യന്താപേക്ഷിത മാണെന്ന് മന്ത്രി കെ കൃഷ്ണൻകുട്ടി. പൊതുവിദ്യാഭ്യാസ വകുപ്പിനുവേണ്ടി എനർജി മാനേജ്മെന്റ് സെന്റർ

കേരളയും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പും ചേർന്ന് 'വൈദ്യുത സുരക്ഷയും ഊർജ്ജ സംരക്ഷണവും' എന്ന വിഷയത്തിൽ സംഘടിപ്പിച്ച ശില്പശാല ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

***********************************************

## വി ശിവൻകുട്ടി- മൊബൈൽ ആപ്പ്

കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പുതിയ മൊബൈൽ ആപ്പ് മന്ത്രി വി ശിവൻകുട്ടി പുറത്തിറക്കി. ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായാണ് പുതിയ മൊബൈൽ ആപ്പ് വികസിപ്പിച്ചത്. എല്ലാ അംഗങ്ങളും മൊബൈൽ ആപ്പ് പരമാവധി പ്രയോജനപ്പെടുത്തണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു.

***********************************************

## അമീബിക് മസ്തിഷ്ക ജ്വരം

സംസ്ഥാനത്ത് ഒരാൾക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്തു. കോഴിക്കോട് ചികിത്സയിലുള്ള മലപ്പുറം കാപ്പിൽ സ്വദേശിനിയായ 55-കാരിയ്ക്കാണ് പുതുതായി രോഗം റിപ്പോർട്ട് ചെയ്തത്. ഇതോടെ മെഡിക്കൽ കോളെജിൽ ചികിൽസയിലുള്ളവരുടെ എണ്ണം ആറായി. അമീബിക് മസ്തിഷ്ക ജ്വരത്തിനെതിരെ ജാഗ്രത ശക്തമാക്കണമെന്ന് ആരോഗ്യവകുപ്പ് അറിയിച്ചു.

RNUTVPM

***********************************************

## രാഹുൽ മാങ്കൂട്ടത്തിൽ- വി ഡി സതീശൻ

രാഹുൽ മാങ്കൂട്ടത്തിലിന് എതിരായ പരാതി ഗൗരവമായി പരിശോധിച്ച് വിട്ടുവീഴ്ചയില്ലാത്ത നടപടി സ്വീകരിക്കുമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ . അതിന്റെ ഒന്നാം ഘട്ടമായാണ്, ഒരു പരാതി പോലും ലഭിക്കാതിരുന്നിട്ടും 24 മണിക്കൂറിനുള്ളിൽ യൂത്ത് കോൺഗ്രസ് അധ്യക്ഷ സ്ഥാനം രാഹുൽ മാങ്കൂട്ടത്തിൽ രാജിവച്ചത്.വിഷയം നടപടിക്രമം അനുസരിച്ച് പാർട്ടി പരിശോധിക്കുമെന്നും പ്രതിപക്ഷ നേതാവ് വാർത്താക്കുറിപ്പിലൂടെ അറിയിച്ചു

***********************************************

## ഇടുക്കി (ഇൻട്രോ)

സഞ്ചാരികളുടെ പറുദീസയായ ഇടുക്കിയിൽ എത്തുന്ന ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർധന. ജില്ലയുടെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ ഈ വർഷം ഇതുവരെ എത്തിയത് ഇരുപത് ലക്ഷത്തോളം പേരാണ്.
വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.
(വോയ്സ്)

************************************

## ഉത്രാടം തിരുനാൾ ജലോത്സവം

പത്തനംതിട്ട ചെറുകോൽ നെട്ടായത്തിൽ അടുത്തമാസം നാലിനു നടക്കുന്ന ഉത്രാടം തിരുനാൾ ജലോത്സവത്തിൻ്റെ ട്രോഫി അനാഛാദനവും ലോഗോ പ്രകാശനവും കേന്ദ്ര സഹ മന്ത്രി സുരേഷ് ഗോപി നിർവഹിച്ചു. പത്തനംതിട്ട കോഴഞ്ചേരിചെറുകോൽ സുബ്രഹ്മണ്യസ്വാമി ക്ഷേത്രക്കടവിലാണ് പരിപാടി സംഘടിപ്പിച്ചത്. ഈ വർഷം 15 പള്ളിയോടങ്ങൾ ജലോത്സവത്തിൽ പങ്കെടുക്കും.

RNU TVPM

************************************

## ഡ്യൂറണ്ട് കപ്പ്

134-ാമത് ഡ്യൂറണ്ട് കപ്പ് ഫുട്ബോൾ ടൂർണമെന്റ് ഫൈനലിൽ ഡയമണ്ട് ഹാർബർ എഫ്.സി - നോർത്ത് ഈസ്റ്റ് യുണൈറ്റഡ് മത്സരം കൊൽക്കത്തയിൽ പുരോഗമിക്കുന്നു. ആദ്യപകുതി പിന്നിടുമ്പോൾ ഇരു ടീമുകളും ഗോളൊന്നും നേടിയിട്ടില്ല.

************************************

## കെ സി എൽ

കേരള ക്രിക്കറ്റ് ലീഗ് രണ്ടാം സീസണിന്റെ മൂന്നാം ദിനം കൊച്ചി ബ്ലൂ ടൈഗേഴ്സ് ആലപ്പി റിപ്പിൾസ് മത്സരം പുരോഗമിക്കുന്നു. ആദ്യ ബാറ്റ് ചെയ്ത കൊച്ചി ബ്ലൂ ടൈഗേഴ്സ് എട്ട് വിക്കറ്റ് നഷ്ടത്തിൽ 183 റൺസ് നേടി. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ആലപ്പി നാല് വിക്കറ്റ് നഷ്ടത്തിൽ 104 റൺസ് എന്ന നിലയിലാണ്. ഇന്നത്തെ രണ്ടാം

മത്സരം തൃശൂർ ടൈറ്റൻസും കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസും തമ്മിൽ അല്പസമയത്തിനകം നടക്കും.

*******************************************

## കെ സുബ്രഹ്മണ്യൻ അയ്യർ

ആകാശവാണി കൊച്ചി ക്ലസ്റ്ററിന്റെ ഡെപ്യൂട്ടി ഡയറക്ടർ ജനറലും ഓഫീസ് മേധാവിയുമായി കെ. സുബ്രമണ്യൻ അയ്യർ ചുമതലയേറ്റു. കൊച്ചി ക്ലസ്റ്ററിൻറെ കീഴിലുള്ള എല്ലാ ആകാശവാണി സ്റ്റേഷനുകളുടേയും ദൂരദർശൻ കേന്ദ്രങ്ങളുടേയും ചുമതല ഇദ്ദേഹത്തിനാണ്.

*******************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നു. ഈ വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

*******************************************

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 31 ന് രാവിലെ 11 മണിക്ക്. മൻ കി ബാത്തിന്റെ 125-ാമം പതിപ്പാണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 29 വരെ പങ്കുവയ്ക്കാം.

*******************************************

## ക്ഷാമബത്ത

സംസ്ഥാന സർവീസ് ജീവനക്കാർക്കും അധ്യാപകർക്കും ഒരു ഗഡു ക്ഷാമബത്ത അനുവദിച്ചു. സർവീസ് പെൻഷൻകാർക്കുള്ള ക്ഷാമബത്തയിലെ ഒരു ഗഡുവും അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു. UGC, AICTE, മെഡിക്കൽ സർവീസസ് ഉൾപ്പെടെയുള്ളവർക്കും ഡിഎ, ഡിആർ വർധനവിന്റെ ആനുകൂല്യം ലഭിക്കും. സെപ്തംബർ ഒന്നിന് ലഭിക്കുന്ന

RNU TVPM

ശമ്പളത്തിനും പെൻഷനുമൊപ്പം പുതിയ ആനുകൂല്യം കിട്ടിതുടങ്ങും. ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ വാർഷിക മസ്റ്ററിങ്ങിനുള്ള സമയപരിധി സെപ്തംബർ 10 വരെ നീട്ടിയതായും മന്ത്രി അറിയിച്ചു.

**********************************************

## നീതി ആയോഗ് -വയനാട് ജില്ല

നീതി ആയോഗ് വൈസ് ചെയർമാൻ സുമൻ കെ ബെറിയും സംഘവും ഈ മാസം 29ന് വയനാട് സന്ദർശിക്കും. മുത്തങ്ങ വനമേഖല സന്ദർശിക്കുന്ന സംഘം വനം വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തും. തുടർന്ന് നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തിലെത്തുന്ന സംഘം മുണ്ടക്കൈ - ചൂരൽമല ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച് ജില്ലാ ഭരണഭരണകൂടവുമായി ചർച്ച നടത്തുകയും ചെയ്യും.

**********************************************

*

**************

**********************************************

RNU TVPM